മായ ഒരു പ്രശ്നമാകയാൽ ഇത് വിശദമായ പരിശോധന ആവശ്യമായ കാര്യമാണ്. ഇന്ത്യൻ ഭരണഘടന 341 (2) അനുഛേദപ്രകാരം പുറപ്പെടുവിച്ച 1950-ലെ ഭരണഘടന (പട്ടികജാതികൾ) ഉത്തരവിലെ 3-ാം ഖണ്ഡികപ്രകാരം ഹിന്ദുമതത്തിലോ, സിക്കുമതത്തിലോ ഉൾപ്പെടാത്ത ഒരു വ്യക്തിയെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല. 1950-ലെ ഭരണഘടന (പട്ടികജാതികൾ) ഉത്തരവിലെ 3-ാം ഖണ്ഡികയിൽ അനുയോജ്യമായ ഭേദഗതി വരുത്തുന്നതിന് പാർലമെന്റിന് മാത്രമേ അധികാരമുള്ളൂ. 1996-ൽ അന്നത്തെ കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ എല്ലാ സംസ്ഥാന സർക്കാരുകളുടേയും അഭിപ്രായം തേടിയിരുന്നു. ക്രിസ്തുമതം സ്വീകരിച്ച മുൻ പട്ടികജാതിക്കാരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെ അനുകൂലിച്ചും പ്രതികൂലിച്ചും സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനങ്ങൾ കൂടി കണക്കിലെടുത്ത് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. ക്രിസ്തുമതം സ്വീകരിച്ചിട്ടുള്ള മുൻ പട്ടികജാതിക്കാരുടെ വികസനത്തിനായി നിലവിലുണ്ടായിരുന്ന പദ്ധതികളുടെ പോരായ്മ പരിഹരിച്ച് നടപ്പാക്കിവരുന്നു. പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തി ഈ വിഭാഗത്തിൽപ്പെട്ട ആളുകളുടെ സാമ്പത്തിക സാമൂഹിക നില മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ് : ദളിത് ക്രൈസ്തവ ജനവിഭാഗങ്ങളെ ഇപ്പോൾ ഒ.ഇ.സി. ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒ.ഇ.സി. ലിസ്റ്റിലുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ ഇപ്പോൾ ഇവർക്ക് കിട്ടുന്നില്ല. അതുപോലെതന്നെ നഴ്സിംഗിന് പഠിക്കുന്ന കുട്ടികൾക്കും ഫാർമസി കോഴ്സിന് പഠിക്കുന്ന കുട്ടികൾക്കും ഈ ആനുകൂല്യം കിട്ടുന്നില്ല. ആ കുട്ടികളെക്കൂടി വിദ്യാഭ്യാസ പരിധിയിൽ ഉൾപ്പെടുത്തി അവർക്കുകൂടി ഈ ആനുകൂല്യങ്ങൾ കൊടുക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : അത് ആലോചിക്കാവുന്നതാണ്.

III. സബ്മിഷൻ

(1) പെരുന്തൽമണ്ണ നിയോജകമണ്ഡലത്തിൽ മാനഭംഗശ്രമത്തെ എതിർത്ത ബാലികയ്ക്കുണ്ടായ ദുരനുഭവം

ശ്രീ. നാലകത്തു സൂപ്പി : സർ, ഏതൊരാളുടെയും മനസിനെ വേദനിപ്പിക്കുന്ന ഒരു സംഭവമാണ് എനിക്കിവിടെ അവതരിപ്പിക്കാനുള്ളത്.

10 A.M.] കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുൻപ് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ അങ്ങാടിപ്പുറം പഞ്ചായത്തിൽ താമസിക്കുന്ന സബിത എന്ന 7-ാം ക്ലാസ്സിൽ പഠിക്കുന്ന 12 വയസ്സുള്ള കുട്ടിയെ മാനഭംഗം ചെയ്യാൻ ശ്രമിച്ചു. അത് സമ്മതിക്കാത്തതിന്റെ പേരിൽ ആ കുട്ടിയെ തീകൊളുത്തി കൊല്ലാൻ ശ്രമിച്ചു എന്ന വാർത്ത മനോരമ പത്രത്തിൽ പിറ്റേ ദിവസം പ്രസിദ്ധീകരിച്ചു. ഭീഷണി നിലനിൽക്കുന്നതുകൊണ്ട് ഈ സംഭവത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പുറത്ത് പറയാതിരുന്നു. അതുപോലെ തന്നെ ചില മദ്ധ്യസ്ഥന്മാരും പാർട്ടിക്കാരും ഇടപെട്ട് അത് ഒതുക്കിത്തീർക്കാനുള്ള ശ്രമവും നടത്തിവരുന്നു. വിവരം അറിഞ്ഞ് ഞാൻ ആശുപത്രിയിൽ പോയി പെൺകുട്ടിയെ കണ്ടതാണ്. 12 വയസ്സായ ഈ കുട്ടി അങ്ങാടിപ്പുറം തരകൻ ഹൈസ്കൂളിൽ 7-ാം ക്ലാസ്സിൽ പഠിക്കുകയാണ്. ഈ കുട്ടിയുടെ വീടിന് തൊട്ടടുത്ത് താമസിക്കുന്ന വിജയശ്രീയുടെ സഹായത്തോടുകൂടി സബിതയെ വേറൊരു വീട്ടിലേയ്ക്കു വിളിക്കുകയാണ് ചെയ്തത്. ആ വീട്ടിൽ ചെന്നപ്പോൾ ഈ കേസിൽ പ്രതിയായ വിനോദ് എന്ന 21 വയസ്സുള്ള ഒരു ഹോട്ടൽ തൊഴിലാളി അവിടെയുണ്ടായിരുന്നു. ടിയാൻ വാതിലടച്ചു കുട്ടിയെ ബലമായി പിടിക്കുകയും, "എന്റെ കൂടെ വരണം അല്ലെങ്കിൽ കൊന്നു കളയുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തു. കുട്ടി നിലവിളിച്ചു. കൂടെയുണ്ടായിരുന്ന വിജയശ്രീ അപ്പോൾ സ്ഥലം വിട്ടു. ഈ കുട്ടിയുടെ അമ്മയാണെങ്കിൽ സ്ഥലത്തുമില്ല. മണ്ണെണ്ണ ഒഴിച്ച് കുട്ടിയെ നിർത്തിയിട്ടു പറയുകയാണ്, 'മര്യാദയ്ക്ക് സമ്മതിക്കണം, അല്ലെങ്കിൽ ഇപ്പോൾ തീ കൊളുത്തും', എന്ന്. അവസാനം കുട്ടി നിലവിളിച്ച് ബഹളം കൂട്ടി. ഉടനെ പ്രതി തീ കൊളുത്തി, തീ ആളിക്കത്തി. ബഹളം കേട്ട് നാട്ടുകാർ ഓടിക്കൂടി കുട്ടിയെ പെരിന്തൽമണ്ണ ആശുപത്രിയിൽ എത്തിക്കുകയാണ് ചെയ്തത്. മുഖത്ത് പൊള്ളലേറ്റിട്ടില്ല. ബാക്കി ഭാഗങ്ങൾ മുഴുവൻ പൊള്ളലേറ്റു. വളരെ ദയനീയമാണ്. പാവപ്പെട്ട വീട്ടിലെ കുട്ടിയാണ്. പത്തുസെന്റു സ്ഥലത്തിലാണ് താമസിക്കുന്നത്. ആ കുട്ടിയുടെ അച്ഛൻ സ്ഥലത്തില്ല. ആ കുട്ടിക്കെതിരെ ഭീഷണി നിലനിൽക്കുകയാണ്. ആ കുട്ടിയെ പെരിന്തൽമണ്ണ ആശുപത്രിയിൽ പ്രവേശിപ്പിച്ച് പത്ത്-ഇരുപത്തിയഞ്ചു ദിവസം കഴിഞ്ഞിട്ടും സംഭവം പുറത്തു വന്നില്ല. സംഭവം പുറത്തു വന്നപ്പോൾ ഭീഷണി നിലനിൽക്കുന്നു. പോലീസ് രണ്ടു ദിവസം മുൻപാണ് കേസ്സെടുത്തത്. പ്രതി ആരെന്നും ഏത് പാർട്ടിക്കാരനാണെന്നും ഞാൻ പറയുന്നില്ല. ആരായാലും ഏതു പാർട്ടിക്കാരനായാലും ഇത്ര പൈശാചികമായ ഒരു സംഭവം നടത്തിയ പ്രതിയെ-ഇപ്പോൾ അറസ്റ്റു ചെയ്തു എന്നു കേൾക്കുന്നുണ്ട് ; അറസ്റ്റു ചെയ്തതല്ല, ഹാജരായതായിട്ടാണ് മനസ്സിലാക്കുന്നത്. എങ്ങനെയായാലും ഇത്തരക്കാരുടെ പേരിൽ ശക്തമായ ശിക്ഷണ നടപടിയെടുക്കണം; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കണം. ആക്രമണത്തിന് വിധേയയായ കുട്ടിക്കും കുടുംബത്തിനും സംരക്ഷണം കൊടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കേസിൽ പ്രത്യേകം താല്പര്യമെടുക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, മലപ്പുറം അങ്ങാടിപ്പുറം തരകൻ സ്കൂളിൽ ഏഴാം ക്ലാസ് വിദ്യാർത്ഥിനിയായ സബിത തീപ്പൊള്ളലേറ്റ് പെരിന്തൽമണ്ണ ഗവൺമെന്റ് ആശുപത്രിയിൽ കഴിയുന്നതായി വിവരം ലഭിച്ചു. ഇതു സംബന്ധിച്ച് പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ ക്രൈം 185/2001 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. 28-1-2001-നു രാവിലെ വീടിനടുത്തുള്ള കോളനിയിലേയ്ക്കു പോയ സബിതയെ അയൽവാസിയായ വിജയശ്രീ അടുത്തുള്ള ഒരു കുടിലിൽ കൂട്ടിക്കൊണ്ടുപോയതായും അവിടെ ഉണ്ടായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

വിനോദിനോടൊപ്പം പോകാനായി നിർബന്ധിച്ചതായും അതിനു വഴങ്ങാത്തതിനാൽ തന്റെ ദേഹത്ത് മണ്ണെണ്ണ ഒഴിച്ചു തീ കൊളുത്തിയതായും സബിത മൊഴി നൽകിയിരുന്നു. വിനോദ്, വിജയശ്രീ എന്നിവരെ 27-2-2001-ന് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. കേസന്വേഷണം ത്വരിതപ്പെടുത്താൻ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) കേരളാ ഗുരുക്ഷേത്ര സമാജം സമർപ്പിച്ച അവകാശ പത്രികയിലെ ആവശ്യങ്ങൾ

ശ്രീ. ജി. കാർത്തികേയൻ : സർ, കേരളത്തിലെ ജനസംഖ്യയിൽ ന്യൂന പക്ഷവും വിവിധ ജില്ലകളിൽ വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്നവരുമായ സമുദായങ്ങളുടെ സാമൂഹ്യ മാറ്റത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് കേരളാ ഗുരുക്ഷേത്ര സമാജം. കേരള സർക്കാരിന്റെ പിന്നോക്ക വിഭാഗപട്ടികയിലെ 29-ാം ക്രമനമ്പരിൽ പറഞ്ഞിട്ടുള്ള കണിശ, കണിയാൻ, പണിക്കർ, കാണി, കണിയാൻ, ഗണക-കണിശൻ തുടങ്ങിയ സമുദായങ്ങളെല്ലാം ഇതിൽ ഉൾപ്പെടുന്നു. അതിൽ പിന്നോക്കം നിൽക്കുന്നവർ ഓലക്കുട നിർമ്മാണം, കുട്ട നെയ്ത്ത് തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഈ സംഘടന നിരവധി തവണ കേരള നിയമസഭയുടെ പിന്നോക്കവിഭാഗ ക്ഷേമത്തിനായിട്ടുള്ള കമ്മിറ്റിയെ ഇവരുടെ ആവശ്യങ്ങൾ ബോദ്ധ്യപ്പെടുത്തുകയും കമ്മിറ്റി ഏകകണ്ഠമായി ഈ സമുദായങ്ങളെ ഒ.ഇ.സി. ലിസ്റ്റിൽപ്പെടുത്തി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരേണ്ടതാണെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി. കേരള നിയമസഭയിൽ അവതരിപ്പിക്കപ്പെട്ട ഒരു സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട ഗവൺമെന്റ് ഈ ആവശ്യം പരിഗണിക്കുമെന്ന് സഭയ്ക്ക് ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് വീണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, കേരള ഗുരുക്ഷേത്ര സമാജത്തിന്റെ നിവേദനത്തിലെ ആവശ്യങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്. സമാജത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളുടെ സാമൂഹിക പിന്നോക്കാവസ്ഥ സംബന്ധിച്ച് പഠനം നടത്തിയതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ നിർവ്വാഹമുള്ളൂ. ഈ വിധത്തിലുള്ള ഒരു പഠനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(3) ചേർത്തലയ്ക്കടുത്ത് അർത്തുങ്കലിൽ ഡൊമിനിക് എന്ന മത്സ്യത്തൊഴിലാളി കൊലചെയ്യപ്പെട്ടതു സംബന്ധിച്ച്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, കഴിഞ്ഞ വർഷം നവംബർ മാസത്തിൽ ചേർത്തലയ്ക്കടുത്തുള്ള അർത്തുങ്കലിൽ പള്ളിക്കത്തയ്യിൽ ഡൊമിനിക് എന്ന മത്സ്യത്തൊഴിലാളിയെ വീടു കയറി ആക്രമിച്ചു കൊലപ്പെടുത്തുകയും അയാളുടെ സഹോദരനെ മാരകമായി വെട്ടി പിക്കേൽപ്പിക്കുകയും ചെയ്ത കേസ്സിൽ 12 പേരെ പ്രതിയാക്കി അർത്തുങ്കൽ പോലീസ് കേസ്സെടുത്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly